ഫിഷറീസ് വകുപ്പ് പണിത റോഡുകളുടെ അറ്റകുറ്റ പണികൾ

410. [595] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഫിഷറീസ് വകുപ്പ് പണിത റോഡുകളുടെ അറ്റകുറ്റ പണികൾ നടത്താൻ നടപടിയെടുക്കുമോ ;

(ബി) ഈ റോഡുകൾ പി. ഡബ്ല്യു. ഡി. വകുപ്പിനെയോ തദ്ദേശ സ്ഥാപനങ്ങളെയോ ഏല്പിക്കുവാൻ നടപടിയെടുക്കുന്നുണ്ടോ ?

ഉത്തരം

(എ യും ബി യും) 8 മീറ്ററും അതിൽ കൂടുതലും വീതിയുള്ള ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതാണ്. 8 മീറ്ററിൽ താഴെ വീതിയുള്ള ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ പണത്തിന്റെ ലഭ്യത അനുസരിച്ച് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ബോധവൽക്കരണം

411. [596] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ബോധവൽക്കരണത്തിനു വേണ്ടി 1984-85-ൽ ഗവൺമെന്റ് ചെലവഴിച്ച തുക എത്ര ;

(ബി) ഇതിൽ പ്രിന്റിംഗിനുവേണ്ടി മാത്രമായി എത്ര രൂപ ചെലവഴിച്ചു എന്നു പറയാമോ ?

ഉത്തരം

(എ) ആൻറ് ബി) 1984-85 ഹരിജന-ഗിരിജന വർഷമായി ഗവൺമെന്റ് ആചരിക്കുകയുണ്ടായി. പ്രസ്തുത വർഷത്തിൽ ബോധവൽക്കരണമുൾപ്പെടെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഒട്ടനവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ സംഖ്യ പട്ടികജാതി വികസന വകുപ്പിനേറെയും, പട്ടികവർഗ്ഗ വികസന വകുപ്പിനേറെയും, ബഡ്ജറിൽനിന്നും, പ്രത്യേക ഘടക പദ്ധതിക്കും ഗിരിവർഗ്ഗ ഉപപദ്ധതിക്കും വേണ്ടി മറ്റ് വകുപ്പുകളുടെ ബഡ്ജറിൽ ഉൾക്കൊള്ളിച്ച തുകയിൽനിന്നുമാണ് ചെലവഴിച്ചത്. ഹരിജന-ഗിരിജനവർഷത്തോടനുബന്ധിച്ച് നടപ്പാക്കിയ പദ്ധതികളുടെ പ്രത്യേക കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

കുടുംബി സമുദായത്തെ പട്ടികജാതിയിൽ ആക്കണമെന്ന ആവശ്യം

412. [598] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബി സമുദായത്തെ പട്ടികജാതിയിൽപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനു ശുപാർശ നൽകിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly